# Joint Press Release on India-EU Energy Panel Meeting

December 01, 2021

---

**ഇന്ത്യയും യൂറോപ്യൻ യൂണിയനും തങ്ങളുടെ ക്ളീൻ എനർജി ,ക്ളൈമറ്റ് പാർട്ണർഷിപ്പിൽ ഒരു ചുവടു കൂടി പിന്നിടുന്നു**

ഡിസംബർ 1 ന് ഇന്ത്യ-ഇയു എനർജി പാനൽ യോഗം ചേർന്നു, അതിൽ ഇന്ത്യയുടെ ഭാഗത്തുനിന്നും വിദേശകാര്യ മന്ത്രാലയം, ഊർജ മന്ത്രാലയം, നവീന പുനരുപയോഗ ഊർജ മന്ത്രാലയം, പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം എന്നിവയും യൂറോപ്യൻ യൂണിയനിൽ നിന്നും ഡയറക്ടറേറ്റ് ജനറൽ ഫോർ എനർജി, യൂറോപ്യൻ കമ്മീഷനും പങ്കെടുത്തു. 2016ലെ ഇന്ത്യ-ഇ യു ക്ലീൻ എനർജി ആന്റ് ക്ലൈമറ്റ് പാർട്ണർഷിപ്പ് നടപ്പിലാക്കുന്നതിനായി 2023 വരെ വിശദമായ ഒരു വർക്ക് പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് സംയുക്തമായി അനുകൂലിച്ചു.

എനർജി പാനൽ സഹ അധ്യക്ഷയായി വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറി (വെസ്റ്റ് ) ശ്രീമതി. റീനത്ത് സന്ധുവും യൂറോപ്യൻ കമ്മീഷനിലെ ഊർജ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ മിസ്. മെക്തിൽഡ് വോർസ്ഡോർഫറം പങ്കെടുത്തു

നീയർലി സീറോ എനർജി ബിൽഡിങ് , ബിൽഡിങ്ങുകൾക്കായുള്ള സ്മാർട്ട് റെഡിനസ് ഇന്റികേറ്റെഴ്സ് ; ഫ്ലോട്ടിംഗ് സോളാർ, തെർമൽ സോളാർ, ഓഫ്ഷോർ കാറ്റ് എന്നിവ ഉൾപ്പെടെയുള്ള പുനരുപയോഗ ഊർജം; അന്താരാഷ്ട്ര സൗര സഖ്യത്തിലെ സഹകരണം; ഗ്രീൻ ഹൈഡ്രജൻ; സ്മാർട്ട് ഗ്രിഡുകൾ, സംഭരണം, പവർ മാർക്കറ്റ് ഡിസൈൻ, ഇന്റർകണക്ഷൻ, കോൾഡ് ചെയിൻ, എന്നിവ ഉൾപ്പെടെയുള്ള ഗ്രിഡ് ഏകീകരണം കൂടാതെ സുസ്ഥിര ധനസഹായം എന്നിവ ഉൾപ്പെടുന്ന ഊർജ്ജ കാര്യക്ഷമതയുടെ മേഖലയിൽ സാങ്കേതിക സഹകരണം വർദ്ധിപ്പിക്കുന്നതിന് എനർജി പാനൽ സമ്മതിച്ചു.ഈ സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഇന്ത്യയും ഇ യുവും പുതിയ പഠനങ്ങൾ, പഠന സന്ദർശനങ്ങൾ, സംയുക്ത ശിൽപശാലകൾ, എന്നീ രീതികളിലൂടെ അറിവും മികച്ച പ്രവർത്തന രീതികളും പങ്കുവയ്ക്കും കൂടാതെ, എനർജി പാനൽ സംയുക്തമായി ഇനിപറയുന്നവയ്ക്ക് ആതിഥേയത്വം വഹിക്കാൻ / സംഘടിപ്പിക്കാൻ സമ്മതിച്ചു:

- അടുത്ത വർഷം ആദ്യ പകുതിയിൽ ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ യൂറോപ്യൻ, ഇന്ത്യൻ കമ്പനികളുടെ പ്രദർശനം, B2B ഫെസിലിറ്റേഷൻ, ഓഫ്ഷോർ വിൻഡ് ചെലവ് കുറയ്ക്കൽ, ഓഫ്ഷോർ വിൻഡ് സാമ്പത്തിക സഹായം എന്നിവ സംബന്ധിച്ച സെഷനുകൾ എന്നിവയുൾപ്പെടുന്ന ഓഫ്ഷോർ വിൻഡ് ബിസിനസും, നിക്ഷേപ ഉച്ചകോടിയും,
- ഇന്ത്യയിൽ സ്മാർട്ട് ഗ്രിഡ് പ്രോജക്ടുകൾ ആവർത്തിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും സാധ്യമായ അവസരങ്ങളും തടസ്സങ്ങളും തിരിച്ചറിയുന്ന, സ്മാർട്ട് ഗ്രിഡ് റെപ്ലിക്കേഷനിലെ ഇന്ത്യ-ഇയു ഹൈ ലെവൽ പ്ലാറ്റ്ഫോം;
- പുനരുപയോഗ ഊർജത്തിൽ ഉയർന്ന വിഹിതമുള്ള ഊർജ സംവിധാനങ്ങളിൽ ഹൈഡ്രജന്റെ പങ്ക് സംബന്ധിച്ച മികച്ച പ്രവർത്തന രീതികൾ /നയങ്ങൾ കൈമാറ്റം ചെയ്യുന്നതിനും, ശുദ്ധമായ ഹൈഡ്രജൻ ഉൽപ്പാദനത്തിന്റെയും ആപ്ലിക്കേഷൻ സാങ്കേതികവിദ്യകളുടെയും പ്രവർത്തന അവസ്ഥ ചർച്ചചെയ്യുന്നതിനും ഇന്ത്യയിലെയും യൂറോപ്യൻ യൂണിയനിലെയും നിലവിലുള്ളതും വരാനിരിക്കുന്നതുമായ ഹൈഡ്രജൻ പ്രോജക്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഹൈഡ്രജൻ ഫോറം;
- ഊർജ കാര്യക്ഷമതയിലും പുനരുപയോഗിക്കാവുന്ന ഊർജമേഖലയിലും നിക്ഷേപം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ, ക്ലീൻ എനർജി പ്ലാറ്റ്ഫോമിൽ ഇന്ത്യ-ഇയു ഫിനാൻസിംഗ് നിക്ഷേപം.

**ഇന്റർനാഷണൽ സോളാർ അലയൻസുമായുള്ള സഹകരണം വർദ്ധിപ്പിക്കുന്നു**

കൂടുതൽ കൂടുതൽ യൂറോപ്യൻ യൂണിയൻ അംഗരാജ്യങ്ങൾ ഇന്റർനാഷണൽ സോളാർ അലയൻസിൽ ചേരുന്നുവെന്ന വസ്തുത പാനൽ സ്വാഗതം ചെയ്തു. യൂറോപ്യൻ യൂണിയന്റെയും അംഗരാജ്യങ്ങളുടെയും അക്കാദമിക്, ബിസിനസ്, ഫിനാൻഷ്യൽ കമ്മ്യൂണിറ്റികളുടെയും ഇന്റർനാഷണൽ സോളാർ അലയൻസുമായുള്ള ഇടപഴകൽ കൂടുതൽ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ, ഏകദേശം 1 ദശലക്ഷം യൂറോ പദ്ധതിയ്ക്കായി യൂറോപ്യൻ യൂണിയൻ അടുത്തിടെ ധനസഹായം നൽകിയിരുന്നുഇന്റർനാഷണൽ സോളാർ അലയൻസിന്റെ പശ്ചാത്തലത്തിൽ ഇന്ത്യ-യൂറോപ്യൻ യൂണിയൻ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള കൂടുതൽ വഴികൾ പര്യവേക്ഷണം ചെയ്യാൻ പാനൽ സമ്മതിച്ചു. ഇക്കാര്യത്തിൽ, ഐഎസ്എയുടെ ഒരു സൂര്യൻ ഒരു ലോകം ഒരു ഗ്രിഡ് സംരംഭത്തിന്റെ പ്രാധാന്യം ഇന്ത്യ അടിവരയിട്ടു പ്രസ്താവിച്ചു .

ഇന്ത്യയും ഇന്റർനാഷണൽ എനർജി ഏജൻസിയും തമ്മിലുള്ള അടുത്ത സഹകരണത്തിന് യൂറോപ്യൻ യൂണിയൻ പിന്തുണ അറിയിച്ചു. ജി 20 യുടെ ചട്ടക്കൂടിൽ ശുദ്ധമായ ഊർജം സംബന്ധിച്ച് ഇന്ത്യയും യൂറോപ്യൻ യൂണിയനും ആശയവിനിമയം നടത്താൻ സമ്മതിച്ചു..

**പശ്ചാത്തലം:** ശുദ്ധമായ ഊർജത്തിന്റെയും കാലാവസ്ഥാ പ്രവർത്തനത്തിന്റെയും മേഖലയിൽ ഇന്ത്യ-ഇയു സഹകരണം

കാലാവസ്ഥാ പ്രവർത്തനങ്ങൾ ലാഭകരവും ശുദ്ധവും സുരക്ഷിതവുമായ ഊർജം ഉറപ്പാക്കുന്നതിൽ ഇന്ത്യയും യൂറോപ്യൻ യൂണിയനും അടുത്ത് സഹകരിക്കുന്നു, ഇത് ഇരുഭാഗത്തിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുള്ള മേഖലയാണ്.2016 മാർച്ച് 30ന് നടന്ന ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉച്ചകോടിയിൽ അംഗീകരിച്ച ഇന്ത്യ-ഇയു ക്ലീൻ എനർജി ആൻഡ് ക്ലൈമറ്റ് പാർട്ണർഷിപ്പാണ് നിലവിലെ ഇന്ത്യ-ഇയു ക്ലൈമറ്റ് ക്ലീൻ എനർജി ബന്ധനങ്ങൾ നയിക്കുന്നത്, ഇത് ഊർജ്ജ സംക്രമണത്തിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും പാരീസ് ഉടമ്പടി നടപ്പിലാക്കുന്നത്തിനും ലക്ഷ്യമിടുന്നതാണ്, 2017 ഒക്ടോബർ 6-ന് നടന്ന ഇന്ത്യ-ഇയു ഉച്ചകോടിയിലെ സംയുക്ത പ്രസ്താവന;

2020 ജൂലൈ 15-ന് നടന്ന ഇന്ത്യ-ഇയു ഉച്ചകോടിയിൽ അംഗീകരിച്ച സംയുക്ത പ്രസ്താവനയും ഇന്ത്യ-ഇയു സ്ട്രാറ്റജിക് പാർട്ണർഷിപ്പും: 2025-ലേക്കുള്ള ഒരു റോഡ്മാപ്പ്; 2021 മെയ് 8 ന് നടന്ന ഇന്ത്യ-ഇയു നേതാക്കളുടെ യോഗത്തിൽ അംഗീകരിച്ച സംയുക്ത പ്രസ്താവന എന്നിവയെ ഈ പങ്കാളിത്തം വീണ്ടും സ്ഥിരീകരിക്കുകയും ശുദ്ധമായ ഊർജ്ജത്തിനും കാലാവസ്ഥാ പങ്കാളിത്തത്തിനും കീഴിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനെ സ്വാഗതം ചെയ്യുകയും ചെയ്തു.

**ന്യൂ ഡൽഹി**
**ഡിസംബർ 01, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.